# <u>പതിമൂന്നാം കേരള നിയമസഭ</u>

## <u>പതിനൊന്നാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5788 02.07.2014-ൽ മറുപടിയ്ക്ക്**

## വാത്സല്യനിധി പദ്ധതി

| <u>ചോദ്യം</u> | | <u>ഉത്തരം</u> | |
|---|---|---|---|
| **ശ്രീമതി. ഗീതാ ഗോപി** | | **ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | വാത്സല്യനിധി പദ്ധതിയുടെ വിശദാംശങ്ങൾ ല്യമാക്കുമോ; | **(എ)<br>(ബി)<br>&<br>(സി)** | നിർദ്ധനരായ പട്ടികജാതി പെൺകുട്ടികളുടെ സംരക്ഷണാർത്ഥം 50,000/-രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന മാതാ പിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ജീവിത സുരക്ഷ മുൻനിർത്തി നവജാത ശിശുവിന്റെ പേരിൽ 50,000/-രൂപ സ്ഥിര നിക്ഷേപം നടത്തുന്ന 'വാത്സല്യനിധി' പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പദ്ധതിയുടെ രൂപരേഖ ആവിഷ്ക്കരിച്ചു വരുന്നതേയുള്ളൂ. |
| (ബി) | പദ്ധതി ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുവാൻ സമർപ്പിക്കേണ്ട അപേക്ഷ സംബന്ധിച്ചും മറ്റുള്ള നടപടിക്രമങ്ങളെക്കുറിച്ചും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (സി) | പ്രസ്തുത പദ്ധതി ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ എന്നു മുതൽ സ്വീകരിക്കുമെന്നും അപേക്ഷ സ്വീകരിച്ച് എത്ര സമയത്തിനകം ആനുകൂല്യങ്ങൾ ഗുണഭോക്താവിന് ലഭ്യമാക്കുമെന്നും അറിയിക്കുമോ? | | |

Sd/- K.J

**സെക്ഷൻ ആഫീസർ**